"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/ബി2-3846/17

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 12-1-2018

വനിതാ ശിശു വികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - IRTC (Integrated Rural Technology Centre) - അങ്കണവാടി പ്രവർത്തകർക്കുള്ള പരിശീലന പരിപാടി - പഞ്ചായത്ത് /സെക്ടർ തലത്തിൽ ECCE പരിശിലനം നടത്തിയത് - സംബന്ധിച്ച്.

സൂചന :
1) 8-12-2017-ന് കൂടിയ സംസ്ഥാനതല അക്കാഡമിക് കമ്മിറ്റി യോഗ തീരുമാനം.
2) ഈ കാര്യാലയത്തിൽ നിന്നുള്ള 8-11-17-ലെ ICDS/B2-3846/17ാം നമ്പർ കത്ത്.
3) ഈ കാര്യാലയത്തിൽ നിന്നുള്ള 6-1-2018-ലെ ICDS/B2-3846/17ാം നമ്പർ കത്ത്.

സൂചയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ECCE-യുമായി ബന്ധപ്പെട്ട് പാലക്കാട് IRTC മുഖേന നൽകി വരുന്ന പരിശീലന പരിപാടിയുടെ ഒന്നാം ഘട്ടം 22-12-17-ന് പൂർത്തിയായി പാലക്കാട് IRTCയിൽ നിന്നും പരിശീലനം സിദ്ധിച്ച BRG അംഗങ്ങൾ പഞ്ചായത്ത്/സെക്ടർ തലത്തിൽ ECCE പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം സൂചന (2) പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ സൂചന (3) പ്രകാരം സംസ്ഥാനതല കോർഗ്രൂപ്പ് അംഗങ്ങൾ ടി പരിശീലന പരിപാടി വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ സൂചന (3) പ്രകാരം നൽകിയിരുന്നു. സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്ന പഞ്ചായത്ത്/സെക്ടർതല ECCE പരിശീലന കലണ്ടർ തിരുവനന്തപുരം,കൊല്ലം,ആലപ്പുഴ, കോട്ടയം,മലപ്പുറം, പ്രോഗ്രാം ഓഫീസർമാർ മാത്രമാണ് നാളിതുവരെ ടി കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ളത്.

സർക്കാർ വളരെ പ്രാധാന്യത്തോടെ നടപ്പാക്കി വരുന്ന ECCE പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശം പാലിക്കുന്നതിൽ ജില്ലാ പ്രോഗ്രാം ഓഫീസർമാർ വീഴ്ച്ച വരുത്തിയത് വകുപ്പ് വളരെ ഗൗരവത്തോടെ കാണുന്നു.

രണ്ടാംഘട്ട ECCE പരിശീലനം 9-1-18-ന് പാലക്കാട് IRTCയിൽ ആരംഭിച്ച സാഹചര്യത്തിൽ **പഞ്ചായത്ത്/സെക്ടർതലത്തിൽ** അങ്കണവാടി പ്രവർത്തകർക്ക് നൽകേണ്ട ECCE പരിശീലനം **പൂർത്തിയാക്കാത്ത** പഞ്ചായത്ത്/സെക്ടർ തിരിച്ചുള്ള വിവരം ഈ കത്തിനോടൊപ്പം **ഉള്ളടക്കം** ചെയ്തിട്ടുള്ള പ്രൊഫോർമയിൽ **17-1-18-നകം** ഈ കാര്യാലയത്തിൽ **ഇ-മെയിൽ മുഖാന്തിരം** ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വനിതാ ശിശു വികസന ഡയറക്ടർ.ക്കുവേണ്ടി

ജികെ/ 12-1-18

## IRTC-ECCE പഞ്ചായത്ത് /സെക്ടർതല പരിശീലനം

| ക്രമ നം | പ്രോജക്ട് | ECCE ഒന്നാം ഘട്ട പരിശീലനം നടത്താത്ത പഞ്ചായത്ത് /സെക്ടർ | കാരണം |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |